**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3712** **27-06-2024 - ൽ മറുപടിയ്ക്ക്**

**ബസ് സമയം യാത്രക്കാർക്ക് ഓൺലൈനായി അറിയുന്നതിനുള്ള ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും ടൈം ഷെഡ്യൂൾ യാത്രക്കാർക്ക് ഓൺലൈനായി അറിയുന്നതിന് ക്രമീകരണം ഏർപ്പെടുത്താൻ ആലോചനയുണ്ടോ; സമയക്രമം യാത്രക്കാർക്ക് ലഭ്യമാക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സമയ വിവരം യാത്രക്കാർക്ക് ഓൺലൈനായി അറിയുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓൺലൈൻ റിസർവേഷൻ വെബ്സൈറ്റിൽ, റിസർവേഷൻ സൗകര്യമുള്ള ബസ്സുകളുടെ, സമയക്രമവും, *Chalo* ആപ്ലിക്കേഷൻ മുഖേന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പാക്കിയിട്ടുള്ള യൂണിറ്റുകളിലെ ബസുകളുടെ സമയക്രമവും അറിയാൻ സാധിക്കും. കൂടാതെ ഗൂഗിൾ മാപ്പ്/ ഗൂഗിൾ ട്രാൻസിറ്റ് എന്നിവയിലും പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ